പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 945　　　30/6/2011 ൽ മറുപടിയ്ക്ക്

**പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് സൈക്കിൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എ. മാധവൻ | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | 100 ദിന കർമ്മ പരിപാടി പ്രകാരം പട്ടികജാതി വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാം; | (എ) | 100 ദിന കർമ്മ പരിപാടി പ്രകാരം വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>● കേരളത്തിലെ സർക്കാർ, എയ്ഡഡ് സ്കൂളിലെ 8-ാം ക്ലാസ്സിൽ പഠിക്കുന്ന മുഴുവൻ പട്ടികജാതി വിദ്യാർത്ഥികൾക്കും സൈക്കിൾ വിതരണം ചെയ്യുന്ന പദ്ധതി.<br>● വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 90 പ്രീമെട്രിക് ഹോസ്റ്റലുകളിലും ലൈബ്രറിയും കമ്പ്യൂട്ടറും അനുവദിക്കുന്ന പദ്ധതി.<br>● വിജ്ഞാൻവാടി -140 നിയമസഭാ മണ്ഡലങ്ങളിലും എം.എൽ.എ മാർ നിർദ്ദേശിക്കുന്ന ഓരോ പട്ടികജാതി കോളനികളിലും ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയ കമ്പ്യൂട്ടറും ലൈബ്രറിയും സ്ഥാപിക്കുന്നതിനുള്ള പദ്ധതി.<br>● 'വിഷൻ 2013' -2011 മാർച്ചിലെ പത്താം ക്ലാസ്സ് പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ്സ്, എ,ബി. പ്ലസ്സ് ഗ്രേഡുകൾ നേടിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് തുടർന്നുള്ള 2 വർഷങ്ങളിൽ പ്രമുഖ സ്ഥാപനങ്ങളിൽ മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശനത്തിനുള്ള പരിശീലനം നൽകുന്ന പദ്ധതി. |

| | | | |
|---|---|---|---|
| (ബി) | എട്ടാം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്ന പദ്ധതി എന്നുമുതൽ നടപ്പിലാക്കുമെന്ന് അറിയിക്കുമോ; ഇതിന്റെ വിശദാംശങ്ങൾ നൽകുമോ? | (ബി) | എട്ടാം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകുന്നതിനുള്ള പദ്ധതി സെപ്റ്റംബർ ആദ്യവാരത്തോടെ നടപ്പിലാക്കുന്നതാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണിത്. പദ്ധതികൊണ്ട് 55,000 വിദ്യാർത്ഥികൾക്ക് പ്രയോജനം ഉണ്ടാകുന്നതാണ് |

സെക്ഷൻ ഓഫീസർ

| | | | |
|---|---|---|---|
| (ബി) | എട്ടാം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്ന പദ്ധതി എന്നുമുതൽ നടപ്പിലാക്കുമെന്ന് അറിയിക്കുമോ; ഇതിന്റെ വിശദാംശങ്ങൾ നൽകുമോ? | (ബി) | എട്ടാം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകുന്നതിനുള്ള പദ്ധതി സെപ്റ്റംബർ ആദ്യവാരത്തോടെ നടപ്പിലാക്കുന്നതാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണിത്. പദ്ധതികൊണ്ട് 55,000 വിദ്യാർത്ഥികൾക്ക് പ്രയോജനം ഉണ്ടാകുന്നതാണ് |

സെക്ഷൻ ഓഫീസർ